


"To be a model family fellowship based on spirituality, heritage, kinship & love"

# AFF NEWS LETTER

## ALUNKAL FAMILY FELLOWSHIP
## KANDANAD

(for private circulation among the members only)
(Reg.No.ER184/08)

Website: www.alunkal.com Email: info@alunkal.com
Vol. 12, No.3 Aug 2021

## PRESIDENTIAL COLUMN

We have not yet been freed from the Covid pandemic that continues to restrict the activities of our Fellowship. No doubt, this has resulted in continued physical distancing, however, the spirit of intimacy and closeness are very much alive in our thoughts and believes. Let us preserve and nourish this quality. In fact, social awareness is the key that separates the Human from other forms of lives in our planet.

We are all equipped, with reasonable powers, to overcome the exigencies that surface in our daily lives. Our family and social lives are dependent on the feeling of oneness. .On- line meetings are not new to us by now. We have been nearly habituated to this mode of contact, even in our daily lives. However, it is not a remedy, but an exigency. I am sure we will be able to overcome this phase earlier than later in order that we preserve all attributes of social life.

At times, like this, when we get isolated or semi isolated mode of existence the unique roll of the on-line facility need to be underscored. We have proved the efficacy and importance of this facility, which helps us to retain and nourish our Fellowship. In this context, I specially thank Mr. Sherin Baby for arranging this facility, whenever needed. Let us all join together and pray for the wellbeing of our families and our Fellowship.

**Dr. A.C. Paul**

## എഡിറ്റോറിയൽ

കോവിഡ് എന്ന മഹാമാരിയിൽനിന്നും നമ്മൾ ഇനിയും മുക്തരായിട്ടില്ല. നമ്മുടെ പ്രവർത്തനങ്ങൾ പഴയരീതിയിൽ ആയിട്ടുമില്ല. അതുകൊണ്ടുതന്നെ പഴയരീതിയിലുള്ള കൂടിച്ചേരലുകൾ ഇപ്പോൾ അസാദ്ധ്യമായി തുടരുകയാണ്. പ്രതിസന്ധികളെ നേരിടുവാനുള്ള കഴിവ് മനുഷ്യന് ദൈവദത്തമാണ്. അത് നമ്മൾ വേണ്ടവിധം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. നമ്മുടെ

തൽസമയ മീറ്റിംഗുകൾ ഇതിന് ഒരു ഉദാഹരണമാണ്. ഇക്കാര്യത്തിൽ ഓൺലൈൻ മീറ്റിംങ്ങുകൾ വളരെയേറെ ഗുണം ചെയ്യുന്നുണ്ട്. ഇത്തരം മീറ്റിംഗുകൾ യാഥാർത്ഥ്യമാകുന്നതിൽ നമ്മുടെ മുതിർന്ന അംഗം ശ്രീ. ഷെറിൻ ബേബി വഹിക്കുന്ന പങ്ക് ശ്ലാഘനീയമാണ്.

## ക്രിസ്തീയ ജീവിതം

*പോൾ മാത്യു*

വി. അപ്പോസ്തോലന്മാർ നമ്മുടെ കർത്താവിനോട് ഒരു ആവശ്യം ഉന്നയിച്ചു. "ഞങ്ങൾക്ക് വിശ്വാസം വർദ്ധിപ്പിച്ചുതരേണമേ" എന്ന് (വി. ലൂക്കോസ്- 17.5). വളരെ ഗൗരവതരമുള്ള ഒരു അഭ്യർത്ഥനയാണ് ശിഷ്യന്മാർ ഇവിടെ നടത്തിയതെന്ന് നമുക്ക് കാണാം. ന്യായപ്രമാണങ്ങളെ അനുസരിച്ചുകൊണ്ടും, നമ്മുടെ ചിന്തകളിൽ അവയെ ഉൾക്കൊള്ളിച്ചുകൊണ്ടും, ജീവിതം മുന്നോട്ട് നയിക്കുക എന്ന ആശയമാണ് ഇതിൽ ഉൾക്കൊണ്ടിരിക്കുന്നത്. നമ്മുടെ പ്രാർത്ഥനകളിൽക്കൂടിയും, ആചാരാനുഷ്ഠാനങ്ങളിൽക്കൂടിയും പഠിപ്പിക്കുന്നത് ഇതുതന്നെയാകുന്നു. വി. മാമോദീസായിൽക്കൂടി നമുക്ക് ലഭിക്കുന്ന സ്വീകാര്യത ആത്മാക്കളെ ഉണർത്തിക്കൊണ്ട് നമ്മുടെ വളർച്ചയുടെ ഓരോ ഘട്ടവും നിലനിർത്തിപ്പോരുന്നു. പ്രാർത്ഥന എന്നാൽ ദൈവവുമായുള്ള സമ്പർക്കം എന്നതാണ്. നമ്മുടെ സഭയുടെ വിശ്വാസപ്രമാണം AD325-ൽ 318 പിതാക്കന്മാർ ഒത്ത്ചേർന്ന് തയ്യാറാക്കിയതാണ്. അറിയൂസിന്റെയും നെസ്തോറിന്റെയും വേദവിപരീതങ്ങൾ പ്രസ്തുത സൂനഹദോസിൽ നിരാകരിച്ചിട്ടുള്ളതുമാണ്. പിന്നീട് വന്ന കാലഘട്ടങ്ങളിലെല്ലാംതന്നെ അറിയൂസിന് സമാനമായ വേദവിപരീതങ്ങൾ പ്രചരിപ്പിക്കപ്പെടുകയും വി. സഭയുടെ സൂനഹദോസ്സുകൾ അവയെ നിരന്തരം നിരാകരിച്ചിട്ടുള്ളതുമാണ്. ഡാർവിൻ എന്ന ശാസ്ത്രജ്ഞന്റെ പരിണാമസിദ്ധാന്തം സഭാവിശ്വാസങ്ങളെ ചോദ്യം ചെയ്യുന്നതായി വ്യാഖ്യാനിക്കപ്പെട്ടെങ്കിലും വി. ഗ്രന്ഥവുമായി പൊരുത്തപ്പെടുന്നതാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. അങ്ങിനെ നിരീശ്വരവാദികളെ വെട്ടിലാക്കുന്ന സത്യങ്ങളും വി. വേദപുസ്തകത്തിൽ നമുക്ക് കാണാൻ കഴിയും. ദൈവവിശ്വാസത്തിന് ശാസ്ത്രീയമായ അടിത്തറയും അങ്ങനെ ലഭ്യമായി. വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിയുക്തവുമാണല്ലോ. പിതാക്കന്മാരായ അബ്രാഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരിലൂടെ വളർന്നു വരികയും കർത്താവിലൂടെയും തന്റെ ശിഷ്യന്മാരി ലൂടെയും ലോകമാസകലം ഇത് വ്യാപിക്കുകയും, പടർന്ന് പന്തലിക്കുകയും ചെയ്തു. കാലാകാലങ്ങളിൽ അതിനെ തകർക്കുവാൻ പ്രതിലോമശക്തികൾ

പലതവണ രംഗത്ത് ഇറങ്ങിയെങ്കിലും അവർക്കെല്ലാം നാണിച്ച് പിൻമ്മാറേണ്ടിവന്നു എന്നതാണ് ചരിത്രവും വസ്തുതകളും.

പിതാവായ അബ്രാഹാം വിശ്വാസത്തിൽ ഉറച്ചത് ദൈവത്തിന്റെ വാഗ്ദാന പ്രകാരമായിരുന്നു. വി. യാക്കോബായ സഭയുടെ ആചാരങ്ങളും, അനുഷ്ഠാന ങ്ങളും ലിഖിതങ്ങളും, അലിഖിതങ്ങളുമാകുന്നു. എഴുതി വയ്ക്കാത്തവ പൂർവ പിതാക്കന്മാരിലൂടെ കൈമാറിക്കിട്ടിയവയാണ്. പാരമ്പര്യവിശ്വാസങ്ങൾക്ക് തെളിവുകൾ അപര്യാപ്തമായിരിക്കും. അതുകൊണ്ടുതന്നെ ഇത്തരം വിശ്വാസങ്ങൾ അതേപടി നിലനിർത്തേണ്ടതാണ്.

## AFF NEWS DIARY

### വിവാഹിതരായി

- കണ്ടനാട് ആലുങ്കൽ Sri. A.V. Joseph & Smt. Laly ദമ്പതികളുടെ മകൾ **നീനു ജോസഫും** തിരുവാങ്കുളം പാണ്ടവത്ത് Mr. Mathew & Smt. Ruby ദമ്പതികളുടെ മകൻ **ബോബി മാത്യു**വും തമ്മിലുള്ള വിവാഹം തൃപ്പൂണിത്തുറ നടമേൽ പള്ളിയിൽവച്ചു നടന്നു.
- കണിയാവിള്ളി ആലുങ്കൽ ശ്രീ ഷാജി ജോണിന്റെയും ഷീബ ഷാജിയുടെയും മകൻ **ഷാലിൻ ഷാജി**യും പിറവം കിഴക്കേ ആലുപ്പുഴ വീട്ടിൽ ഷാജിയുടെയും സിനി ഷാജിയുടെയും മകൾ **നീനു ഷാജി**യും 01.05.2021 ന് കണ്ടനാട് സെന്റ് ശക്രിള്ള മോർ ബസേലിയോസ് സെന്റർ ദേവാലയത്തിൽ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയുടെ കാർമികത്വത്തിൽ നടന്നു.
- കുരീക്കാട് കണിയാവിള്ളി ആലുങ്കൽ ശ്രീ. ഏലിയാസ് എബ്രാഹാമിന്റെയും ശ്രീമതി ഷീബ ഏലിയാസിന്റെയും മകൻ **എൽദോ ഏലിയാസും** അങ്കമാലി പാറക്കൽ പരേതനായ എൽദോ മാത്യുവിന്റെയും ശ്രീമതി ശലോമി എൽദോയുടെയും മകൾ റീനു എൽദോയും തമ്മിലുള്ള വിവാഹം 2021 ജൂലൈ മാസം 11ാം തീയതി കണ്ടനാട് St. Baselios Sakralla Centre ചാപ്പലിൽ വച്ച് അഭിവന്ദ്യ ഡോ. മാത്യൂസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മിക ത്വത്തിൽ നടന്നു.

*നവദമ്പതികൾക്ക് AFFന്റെ എല്ലാവിധ മംഗളാശംസകളും നേരുന്നു.*

# OBITUARY

- **ശ്രീമതി ചെല്ലമ്മ റോയി**



ശ്രീമതി ചെല്ലമ്മ റോയ് കോട്ടയം ആഞ്ചേരിൽ Dr. സാമുവലിന്റെയും ശ്രീമതി ശോശാമ്മയുടെയും മകളായി 1937ൽ ജനിച്ചു. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നിന്നും നേഴ്സിങ്ങ് പാസായി. ഡൽഹി ഹോസ്പിറ്റലിൽ ജോലി ചെയ്തു. പിന്നീട് സൗദി അറേബ്യയിൽ കുറെനാൾ ജോലി ചെയ്തു.

1964ൽ ആലുങ്കൽ ശ്രീ. റോയ് വർഗ്ഗീസുമായി വിവാഹം നടന്നു. ആതുര സേവനരംഗത്ത് വളരെ ഉപകാരിയും ഒരുനല്ല സാമൂഹ്യ പ്രവർത്തകയുമായിരുന്നു ചേച്ചി. വീട്ടിൽ വരുന്ന രോഗികൾക്ക് സൗജന്യമായി ആവശ്യങ്ങൾ നിർവ്വഹിച്ചു കൊടുത്തിരുന്നു ചേച്ചി. വളരെക്കാലം കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആലുങ്കൽ ഫാമിലി ഫെലോഷിപ്പിന്റെ വൈസ് പ്രസിഡന്റായി സേവനം ചെയ്തിട്ടുണ്ട്. 2013ൽ AFF ചേച്ചിയെ Life Time Achievement നൽകി ആദരിക്കുകയുണ്ടായി. വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് കുറെ നാളുകളായി ചേച്ചി വീട്ടിൽ വിശ്രമത്തിലായിരുന്നു. 2021 ഫെബ്രുവരി 11 ന് ചേച്ചി നിര്യാതയായി. പിറ്റേദിവസം അഭിവന്ദ്യ മാത്യൂസ് മാർ ഇവാനിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ ശവസംസ്ക്കാര ശുശ്രൂഷ നടത്തി. കണ്ടനാട് വിശുദ്ധ മർത്തമറിയം കത്തീഡ്രലിൽ സംസ്ക്കാരം നടത്തുകയും ചെയ്തു. ഫെലോഷിപ്പിന്റെ പേരിൽ റീത്ത് സമർപ്പിക്കുകയും അനുശോചനായോഗംകൂടി ചേച്ചിയുടെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. ചേച്ചിക്ക് 4 മക്കൾ. സോബേഴ്സ്, സോഫി, സിൽവിയ, സിംസൺ.

- **Dr. K.K. Job**

കുന്നംകുളം കാഞ്ഞിരത്തിങ്കൽ Dr. K.K. Job നിര്യാതനായി. ആലുങ്കൽ പടിഞ്ഞാറേ തുരത്തേൽ ശ്രീമതി മോളിയെയാണ് വിവാഹം കഴിച്ചിരിക്കുന്നത്. ഏകമകൻ : ജേക്കബ് ജോബ്(അപ്പു) പരേതന്റെ ആത്മാവിന് AFF നിത്യശാന്തി നേരുന്നു.

- **ശ്രീമതി സൂസി സാജു**


കണ്ടനാട് ആലുങ്കൽ ശ്രീ. സാജു പീറ്ററിന്റെ ഭാര്യ ശ്രീമതി സൂസി സാജു 62-ാ

മത്തെ വയസ്സിൽ 12.05.2021ൽ നിര്യാതയായി. പിറ്റേന്ന് അഭിവന്ദ്യ മാത്യൂസ്മോർ ഇവാനിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ സംസ്ക്കാരം കണ്ടനാട് സെന്റ് മേരീസ് കത്തീഡ്രലിൽ നടത്തി. പരേത മണർക്കാട് വെട്ടിക്കുന്നേൽ പാതയിൽ റവ.ഫാദർ കാരിയാക്കോസ് കോർ എപ്പിസ്കോപ്പ യുടെയും ശ്രീമതി അന്നമ്മയുടെയും മകളാണ്. ഏകമകൻ വിജയ് ഗീവർഗ്ഗീസ്. മരുമകൾ ജിൽസ് എലിസബത്ത്. AFF പരേതയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.



- **ശ്രീ. മാത്യൂ ഫിലിപ്പ്**

കോട്ടയം ഉളശ്ശ പരിപ്പ് മഞ്ചയിൽ ഈഴാംകാട്ട് ശ്രീ. മാത്യു ഫിലിപ്പ് (53 വയസ്സ്) 13.05.2021ൽ നിര്യാതനായി. ചെമ്പ് ആലുങ്കൽ ശ്രീമതി അച്ചാമ്മയുടെയും ശ്രീ. ഫിലിപ്പോസ് മാത്യു വിന്റെയും മകനാണ്. സംസ്ക്കാരം ഒളശ്ശ സെന്റ് ജോൺസ് യാക്കോബായ പള്ളിയിൽ നടത്തി. ഒളശ്ശ സെന്റ് ജോൺസ് പള്ളി മാനേജിംങ്ങ് കമ്മിറ്റി അംഗമായിരുന്നു. ഭാര്യ കോട്ടയം അക്കരെ കുടുംബാംഗം ശ്രീമതി റിബേക്ക മാത്യുവാണ്. മക്കൾ : ശ്രേയ മാത്യു & ഫിലിപ്പ് മാത്യു. പരേതന്റെ ആത്മാവിന് AFF നിത്യശാന്തി നേരുന്നു.



- **ശ്രീമതി റാണി രാജൻ തോമസ്** (10.01.1952 - 05.03.2021)

തിരുവനന്തപുരം മുളമൂട്ടിൽ പരേതരായ എം.എം. ജോർജ്ജിന്റെയും തങ്കമ്മ ജോർജ്ജിന്റെയും ഇളയമകളായി 1952ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം തമിഴ്നാട്ടിലെ നാഗർ ഗോവിലിൽ പൂർത്തിയാക്കിയശേഷം എറണാകുളം St. Teresas കോളേജിൽ ചേർന്ന് പ്രീഡിഗ്രി/ഡിഗ്രി എടുത്തു. താമസിയാതെ AFF സ്ഥാപക പ്രസിഡന്റ് ആലുങ്കൽ ശ്രീ. എ.എം. തോമസി ന്റെയും ശ്രീമതി തങ്കം തോമസിന്റെയും മകൻ Dr. രാജൻ തോമസിന്റെ സഹധർമ്മി ണിയായി. വിവാഹശേഷം ഭർത്താവിന്റെ ജോലിസംബന്ധമായി കുടുംബ ത്തോടൊപ്പം സാംബിയായിലും അയർലണ്ടിലും ഏറെക്കാലം കഴിഞ്ഞശേഷം എറണാകുളത്തുള്ള കടവന്ത്രയിൽ സ്ഥിരതാമസമാക്കി. അസുഖത്തെത്തുടർന്ന് 05.03.2021 ന് കർത്താവിൽ നിദ്ര പ്രാപിച്ചു. കണ്ടനാട് സെന്റ് മേരീസ് കത്തീഡ്രൽ



സെമിത്തേരിയിൽ സംസ്ക്കാരം നടന്നു. പരേത കുടുംബഫെലോഷിപ്പിന്റെ സ്നേഹാദരങ്ങൾ പിടിച്ചുപറ്റിയ മെമ്പർ ആയിരുന്നു. മക്കൾ : വിവേകും കുടുംബവും (ആസ്ട്രേലിയ), ദിയയും കുടുംബവും (USA), റിയ ( എറണാകുളം).

- **<u>ശ്രീ. എ.ഐ. സ്ളീബ</u>** <u>(20.10.1929 : 24.07.2021)</u>



താഴത്ത് ആലുങ്കൽ കുഞ്ഞിട്ടീരയുടെയും ഏലിപ്പുള്ളയുടെയും മൂന്നാമത്തെ മകനായി സ്ളീബാച്ചൻ ചേട്ടൻ ജനിച്ചു. ആദ്യകാലത്ത് ബോംബെയിലും, മസ്കറ്റിലും ജോലി ചെയ്തശേഷം വർഷങ്ങളോളം കണ്ടനാട് പള്ളിയുടെ അടുത്ത് താഴത്ത് തറവാട് വീട്ടിൽ താമസിച്ച് വേങ്ങൂർ പടയാട്ടിൽ കുടുംബാംഗമായ ഏലിയാമ്മയെ വിവാഹം കഴിച്ച് ജീവിച്ചു. പിന്നീട് പെരുമ്പിള്ളിയിൽ വീട് വാങ്ങി ഏതാണ്ട് 22 വർഷം അവിടെ താമസിച്ചു. 3 വർഷം മുൻപ് ഏലിയാമ്മച്ചേച്ചിയുടെ നിര്യാണത്തിനുശേഷം വാർദ്ധക്യം കണക്കിലെടുത്ത് കണ്ടനാട് പള്ളിക്ക് സമീപത്തുള്ള ഇളയമകളുടെ വീട്ടിലേയ്ക്ക് (വൈശ്യംപറമ്പിൽ) താമസം മാറ്റി. അവസാനശ്വാസംവരെ നല്ല ബോധത്തിലും ദിനചര്യകളിലും കഴിഞ്ഞ ചേട്ടൻ ഹൃദയാഘാതത്തെത്തുടർന്ന് ശാന്തമായി ജൂലെ 24-ന് രാത്രി 92-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശവശംസ്ക്കാരം കണ്ടനാട് സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിൽ നടന്നു. AFF പ്രസ്ഥാനത്തിന്റെ ഒരു തികഞ്ഞ അംഗമായിരുന്നു സ്ളീബാച്ചൻ ചേട്ടൻ.

മക്കൾ : മിനി, ആനി
മരുമക്കൾ : ഡേവിഡ് കൊളുത്താകോട്ടിൽ
ബെന്നി വൈശ്യം പറമ്പിൽ

**<u>പള്ളിപെരുന്നാൾ</u>**

നമ്മുടെ ചെമ്പ് സെന്റ് തോമസ് പള്ളിയുടെ 2022 ജൂലൈ 1,2,3 തീയതികളിലെ പെരുനാൾ പരേതനായ ആലുങ്കൽ ശ്രീ. എ.എം. ചെറിയാന്റെയും ശോശമ്മ ചെറിയാന്റെയും മക്കളും, കൊച്ചുമക്കളും ചേർന്നാണ് നടത്തുന്നത്. ആയതിലേയ്ക്ക് ഈ കഴിഞ്ഞ ജൂലൈ 3-ാം തീയതി ഡോ. സുരേഷ് മാത്യു, ശ്രീ. എ.ബി. ഷെറിൻ, ശ്രീ. സുനി, ശ്രീ. പ്രിൻസ് എന്നിവർ ചേർന്ന് തിരിപിടിച്ച് പെരുന്നാൾ ഏറ്റെടുത്തു. കുടുംബത്തിന്റെ പെരുന്നാൾ നടത്തിപ്പിന് AFF- ന്റെ ഹൃദയംഗമമായ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.